

VISHWA
SAMVADA
KENDRAM
KERALA
വിജയദശമി ആഘോഷം
മാധ്യമങ്ങളിലൂടെ..

# യാഥാസ്ഥിതിക മനോഭാവം പാടേ മാറണം: സർസംഘചാലക്

നാഗ്പൂർ: രാഷ്ട്ര പുനരുത്ഥാനത്തിനു തടസ്സമായ യാഥാസ്ഥിതിക മനോഭാവം പാടേ മാറണമെന്ന് ആർഎസ്എസ് സർസംഘചാലക് ഡോ. മോഹൻ ഭാഗവത്. സമാജമുണരാതെ ഒരു മാറ്റവും സുസ്ഥിരവും വിജയകരവുമാകില്ലെന്ന് സുദീർഘവും മഹത്തുമായ എല്ലാ പരിവർത്തനങ്ങൾക്കും സാമാജിക ഉണർവു കാരണമായെന്നത് ലോകാനുഭവമാണ്. മാതൃഭാഷയിൽ വിദ്യാഭ്യാസമെന്നതിന് ദേശീയ വിദ്യാഭ്യാസ പദ്ധതി ഊന്നൽ നല്കുന്നു. സംസ്കാരമുള്ള, രാജ്യസ്നേഹികളായ വിദ്യാർഥികൾ വളർന്നു വരണമെന്ന് അതു വിഭാവനം ചെയ്യുന്നു. എന്നാൽ ഇക്കാര്യം സമാജം ഉൾക്കൊണ്ടു പ്രവർത്തിച്ചില്ലെങ്കിൽ അതു ക്ലാസ് മുറികളിലൊതുങ്ങുമെന്ന് അദ്ദേഹം പറഞ്ഞു. നാഗ്പൂരിൽ ആർഎസ്എസ് വിജയദശമി മഹോത്സവത്തിൽ പ്രസംഗിക്കുകയായിരുന്നു സർസംഘചാലക്.

സാമൂഹിക സമത്വമില്ലാതെ യഥാർഥ മാറ്റമുണ്ടാകില്ല. അസമത്വത്തിന്റെ മൂല കാരണം മനസ്സിലും സാമൂഹിക വ്യവസ്ഥയിലും പെരുമാറ്റത്തിലുമാണ്. ക്ഷേത്രങ്ങളും ജലസ്രോതസ്സുകളും ശ്മശാനങ്ങളും എല്ലാ ഹിന്ദുക്കൾക്കും തുറന്നുകൊടുക്കുന്നില്ലെങ്കിൽ, വ്യക്തികൾ തമ്മിലും കുടുംബങ്ങൾ തമ്മിലും സമൂഹങ്ങൾ തമ്മിലുമുള്ള ചങ്ങാത്തം എല്ലാ തലങ്ങളിലും നടക്കുന്നില്ലെങ്കിൽ സമത്വത്തെക്കുറിച്ചുള്ള സംസാരം കിനാവു മാത്രമാകുമെന്ന് സർസംഘചാലക് ഓർമിപ്പിച്ചു.

ചൂഷണമില്ലാത്തതും നമ്മുടെ പാരമ്പര്യത്തിൽ അധിഷ്ഠിതമായതുമായ വികസനം കൈവരിക്കാൻ ചൂഷണപ്രവണത സമാജത്തിൽ നിന്ന് ഇല്ലാതാക്കേണ്ടതുണ്ടെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. ഭൂതകാലത്തിന്റെ കാലഹരണപ്പെട്ട സമ്പ്രദായങ്ങളെ ഉപേക്ഷിച്ച്, പാരമ്പര്യവും സമകാലിക യാഥാർഥ്യങ്ങളും തമ്മിൽ യോജിപ്പിന്റെ അന്തരീക്ഷമുണ്ടാകണം. സ്വത്വം, സംസ്കാരം, ജീവിത മൂല്യങ്ങൾ എന്നിവയിൽ മുറുകെപ്പിടിച്ച് വർത്തമാന കാലത്തോടു സമന്വയിക്കുന്ന പുതിയ വഴക്കങ്ങളുണ്ടാകണം. വ്യാജ പ്രചാരണങ്ങൾ നടത്തി അശാന്തിയും ഭീകരതയും വളർത്തുന്നവരെ നിർഭയം നേരിടണം. ഭാഷയോ മതമോ പ്രദേശമോ അതിനു തടസ്സമാകരുത്. അത്തരം ശക്തികളെ ഇല്ലാതാക്കാനുള്ള ഭരണകൂടങ്ങളുടെ ശ്രമങ്ങൾക്കു സമാജത്തിന്റെ എല്ലാ സഹായവുമുണ്ടാകുമ്പോഴാണ് സമഗ്രമായ സുരക്ഷിതത്വവും ഐക്യവും സാധ്യമാകുകയെന്നും അദ്ദേഹം പറഞ്ഞു.

വിഖ്യാത പർവതാരോഹക പദ്മശ്രീ സന്തോഷ് യാദവ് അധ്യക്ഷത വഹിച്ചു. ആർഎസ്എസ് വിദർഭ പ്രാന്ത സംഘചാലക് രാം ഹർകരെ, നാഗ്പൂർ മഹാനഗർ സംഘചാലക് രാജേഷ് ലോയ, സഹസംഘചാലക് ശ്രീധർ റാവു ഗാഡ്ഗെ തുടങ്ങിയവർ പങ്കെടുത്തു.



**നമസ്തേ സദാ വത്സലേ...** നാഗ്പൂരിലെ ആർഎസ്എസ് വിജയദശമി മഹോത്സവത്തിൽ സർസംഘചാലക് ഡോ. മോഹൻ ഭാഗവതും പദ്മശ്രീ ജേതാവും പ്രശസ്ത പർവതാരോഹകയുമായ സന്തോഷ് യാദവും പ്രാർഥന ചൊല്ലുന്നു

സമാജശക്തിയിലൂടെ രാഷ്ട്രപുനരുത്ഥാനം 4

ആർഎസ്എസ് സനാതന സംസ്കൃതിയിൽ മുന്നേറുന്ന സംഘടന: സന്തോഷ് യാദവ് 7

# സമഗ്രമായ ജനസംഖ്യാനയം അനിവാര്യം: ഡോ. മോഹൻ ഭാഗവത്

- സുസ്ഥിരമാറ്റത്തിന് സമാജം ഉണരണം
- സമഗ്രമായ ജനസംഖ്യാനയം അനിവാര്യം
- ഉദയ്പൂരുകൾ ആവർത്തിക്കരുത്
- സംഘടിത ഹിന്ദുസമാജം കാലഘട്ടത്തിന്റെ ആവശ്യം

നാഗ്പൂർ: ദേശീയ പുനരുത്ഥാനത്തിന് സ്ത്രീപുരുഷ സമത്വം അനിവാര്യമാണെന്നും [illegible] ആർഎസ്എസ് സർസംഘചാലക് ഡോ. മോഹൻ ഭാഗവത്. നാഗ്പൂരിൽ ആർഎസ്എസ് വിജയദശമി മഹോത്സവത്തിൽ സംസാരിക്കുകയായിരുന്നു സർസംഘചാലക്. അത് മാതൃശക്തിയാണ്. ഭാരതീയപാരമ്പര്യം ഉദ്ഘോഷിക്കുന്നത് സ്ത്രീപുരുഷ ശക്തിയുടെ പരസ്പരപൂരകത്വമാണ്. വ്യക്തിനിർമാണ പ്രക്രിയയിൽ രാഷ്ട്രീയ സ്വയംസേവക സംഘവും രാഷ്ട്ര സേവികാ സമിതിയും ഒരേ ദിശയിൽ പ്രവർത്തിക്കുന്ന സംവിധാനങ്ങളാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

ദേശീയജീവിതത്തിന്റെ എല്ലാ മേഖലയിലും സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പാക്കണമെന്ന് അദ്ദേഹം നിർദേശിച്ചു. ജനസംഖ്യാ നിയന്ത്രണം സംബന്ധിച്ച് സമഗ്രമായ പഠനം നടത്തി നയം രൂപീകരിക്കേണ്ടതുണ്ട്. ജനങ്ങളുടെ എണ്ണത്തിന് അനുസരിച്ച് വിഭവങ്ങളുണ്ടാകുന്നില്ലെങ്കിൽ അത് ഒരു ഭാരമാകും. അതേസമയം ജനസംഖ്യ ഒരു ആസ്തിയാണെന്ന അഭിപ്രായമുണ്ട്. ഇന്ന് നമ്മുടേത് ചെറുപ്പക്കാരുടെ രാജ്യമാണ്. അമ്പത് കൊല്ലം കഴിയുമ്പോൾ അവർ മുതിർന്നവരാകും. അന്ന് അവരെ സംരക്ഷിക്കാൻ എത്ര ചെറുപ്പക്കാരുണ്ടാകും എന്നത് ചിന്തനീയമാണ്. പരിസ്ഥിതിയെയും ആരോഗ്യത്തെയുമെല്ലാം ബാധിക്കുന്ന വിഷയമെന്ന നിലയിൽ ഇക്കാര്യങ്ങളെല്ലാം പരിഗണിച്ച് ജനസംഖ്യാനയം രൂപീകരിക്കണം.

വൈവിധ്യമാർന്ന ചികിത്സാരീതികൾ സംയോജിപ്പിക്കുന്ന ഒരു ആരോഗ്യ സംരക്ഷണ സംവിധാനം സർക്കാർ വികസിപ്പിക്കണമെന്നും മോഹൻ ഭാഗവത് പറഞ്ഞു. മാതൃകകൾ നിരവധിയുണ്ടെങ്കിലും അവയെയൊന്നും പരിഗണിക്കാതെ ആളുകൾ സ്വന്തം ശീലങ്ങളിൽ മുറുകെപ്പിടിച്ചാൽ ആരോഗ്യപൂർണസമാജം എങ്ങനെ സാധ്യമാകുമെന്ന് അദ്ദേഹം ചോദിച്ചു.

സത്യം, അനുകമ്പ, ഹൃദയ വിശുദ്ധി, തപസ്സ് എന്നിവയാണ് എല്ലാ വിശ്വാസങ്ങളെയും സംയോജിപ്പിക്കുന്ന നാല് തത്വങ്ങൾ. വൈവിധ്യത്തെ നിലനിർത്തിക്കൊണ്ട് ഒരുമിപ്പിച്ചു ചേർക്കുന്ന ഇതിനെയാണ് ധർമം എന്ന് വിളിക്കുന്നത്. ഇവിടെ എല്ലാ വൈവിധ്യങ്ങൾക്കും സ്വീകാര്യതയും ആദരവും സുരക്ഷിതത്വവുമുണ്ട്. സങ്കുചിതത്വവും മതമൗലികവാദവും ആക്രമണോത്സുകതയും അഹന്തയുമല്ലാതെ മറ്റൊന്നും ആരും ഉപേക്ഷിക്കേണ്ടതില്ല. സത്യം, അനുകമ്പ, ശാരീരികവും ആന്തരികവുമായ പരിശുദ്ധി, ഈ മൂന്നിന്റെയും സമർപ്പിതമായല്ലാതെ മറ്റൊന്നും [illegible] ഭാരതത്തോടുള്ള ഭക്തി, പൂർവികരുടെ ആദർശങ്ങൾ, രാജ്യത്തിന്റെ മഹത്തായ സംസ്കാരം ഈ മൂന്ന് തൂണുകളാണ് സ്നേഹത്തെയും വാത്സല്യത്തെയും ഒരുമിച്ച് സഞ്ചരിക്കേണ്ട നമ്മുടെ പാതയെ പ്രകാശിപ്പിക്കുന്നതും സുഗമമാക്കുന്നതും. ഇതാണ് നമ്മുടെ സ്വത്വവും രാഷ്ട്ര ധർമവും. ഈ ലക്ഷ്യം മുൻനിർത്തിയാണ് ആർഎസ്എസ് സമാജത്തെ സംഘടിപ്പിക്കുന്നത്. ആരെയും എതിർക്കാതെ, എല്ലാവരെയും സംഘം സംഘടിപ്പിക്കുന്നു. [illegible] ചെയ്യുന്നത് ഹിന്ദുസമാജത്തിന്റെ സ്വഭാവമല്ലെന്നതിന് ചരിത്രം സാക്ഷിയാണ്. ഇത്തരത്തിലുള്ള ഒരു സംഘടിത ഹിന്ദു സമാജം കാലഘട്ടത്തിന്റെ ആവശ്യമാണ്. ഇത് ആർക്കും വിരുദ്ധമല്ല.

ഉദയ്പൂരുകൾ ആവർത്തിക്കരുത്. അത്തരം സംഭവങ്ങൾക്ക് [illegible] സമുദായം പൂർണമായും ഉത്തരവാദികളാണെന്ന് കരുതുന്നില്ല. അതിനെതിരെ ഇസ്ലാമികസമൂഹത്തിലെ ചില പ്രമുഖർ പ്രതിഷേധിച്ചു. അത്തരം പ്രതിഷേധങ്ങൾ ഒറ്റപ്പെട്ട പ്രതിഭാസങ്ങളാകാൻ പാടില്ല. എത്ര ആഴത്തിലുള്ള പ്രകോപനത്തോടുമുള്ള പ്രതിഷേധങ്ങൾ നിയമങ്ങളുടെയും ഭരണഘടനയുടെയും അതിരുകൾക്കുള്ളിൽ നിന്നുകൊണ്ട് ആയിരിക്കണം. നമ്മൾ ഭാരതത്തിൽനിന്നുള്ളവരാണ്, ഒരേ പൂർവികരിൽ നിന്നും ശാശ്വത സംസ്കാരത്തിൽ നിന്നും വന്നവരാണ്, നമ്മൾ ഒന്നാണ്, ഇത് മന്ത്രമാണ് സമാജമെന്ന നിലയിൽ ഏകതാമന്ത്രമെന്ന് മോഹൻ ഭാഗവത് പറഞ്ഞു.




നാഗ്പൂരിൽ നടന്ന ആർഎസ്എസ് വിജയദശമി മഹോത്സവത്തിൽ സർസംഘചാലക് ഡോ. മോഹൻ ഭാഗവത് സംസാരിക്കുന്നു

# No danger to Muslims from Hindu groups, says Bhagwat

Shishir.Arya@timesgroup.com

**Nagpur:** The "so-called minorities" face no danger and Hindutva organisations will continue to reach out to them to assuage their fears, RSS chief Mohan Bhagwat said on Wednesday. It was his first public statement on the Sangh's attempt to extend its outreach after his meetings with several clerics and visit to a mosque and a madrassa in Delhi in September. He called for a population policy to check ethnic demographic imbalances in the country.

Speaking at a Vijaya Dashami event to mark the Sangh's foundation day.



RSS chief Mohan Bhagwat with Santosh Yadav, the first woman to climb Everest twice, at the RSS HQ in Nagpur on Wednesday

"There is scare-mongering among so-called minorities that there is a danger to them because Hindus are organised. This has not happened in the past nor will it happen in future. This is neither the nature of Sangh nor of Hindus," he said.

## Burning Ravan effigy falls on spectators

Several people at a Dussehra event in Haryana's Yamunanagar had a close call when the burning Ravan effigy collapsed on spectators collecting "salvage sticks", which is considered good omen and is kept at homes to ward off thieves. However, no one was hurt. **P 6**

"With some such worries among the so-called minorities, some gentlemen have been meeting us. They have had meetings with Sangh office-bearers and this will continue," he said.

▶ **Continued on P 7**



നാഗ്പൂരിൽ വിജയദശമി മഹോത്സവത്തിൽ പങ്കെടുക്കാനെത്തിയ പർവതാരോഹക പദ്മശ്രീ സന്തോഷ് യാദവ് ആർഎസ്എസ് സ്ഥാപകൻ ഹെഡ്ഗേവാറിന്റെ പ്രതിമയിൽ പുഷ്പാർച്ചന നടത്തുന്നു. സർസംഘചാലക് ഡോ.മോഹൻ ഭാഗവത് സമീപം

# Be pioneers, don't depend on govt jobs: RSS chief

**SUDHIR SURYAWANSHI** @Mumbai

RSS CHIEF Mohan Bhagwat on Wednesday said people should develop entrepreneurial skills rather than depending on government jobs. "For a country as populous as Bharat, it is a natural expectation that economic and development policy making should be employment-oriented. "But employment does not mean simply jobs, this prudence should expand in society," said Bhagwat in Nagpur.



"Enterprise-oriented actions have to be encouraged. Setting up of decentralised employment training programmes in every district, job opportunities in home districts, development programmes in villages as also education, health, ease of travel — these are common expectations from the government."

He said population control and religion-based population balance can no longer be ignored. "Population policy should be applicable for all. Awareness campaigns will be required to create a mindset of total observance of this policy," he said. Bhagwat said scaremongering was being done that there was a danger to minorities, but asserted that this is neither the nature of RSS nor of Hindus.

"There should be no recurrence of Udaipur and Amravati incidents (where a tailor and a pharmacist were killed after they supported suspended BJP spokesperson Nupur Sharma), Bhagwat said, adding that a particular community as a whole should not be taken as the root cause for it.



RSS chief Mohan Bhagwat with mountaineer Santosh Yadav, chief guest at the Sangh event in Nagpur. *Dhananjay Khedkar*

# RSS chief: To progress, allow women equal rights, freedom to work

## Calls for population control policy, says Sangh poses no danger to minorities

**DEEPTIMAN TIWARY**
NEW DELHI, OCTOBER 5

RASHTRIYA SWAYAMSEVAK Sangh Sarsanghchalak Mohan Bhagwat said Wednesday that "until women's equal participation in the workforce is ensured, efforts aimed at the progress of the country will not be successful".

Addressing the annual RSS rally in Nagpur on Vijayadashami, Bhagwat said, "If the entire society is to be organised, then 50% of it is maternal power. It cannot be ignored. We need to strengthen them. We call them Mother. We think of them as Jagat Janani (creators of the universe). While imagining

**CONTINUED ON PAGE 2**

# Religion-based population balance can no longer be ignored: Mohan Bhagwat

**The Hindu Bureau**
NEW DELHI

Rashtriya Swayamsevak Sangh (RSS) chief Mohan Bhagwat on Wednesday said India needed a population-control policy that was applicable to all for the next 50 years to make population an "asset" for the country. He said religion-based population balance was an important subject that could no longer be ignored.

Speaking at a programme held as part of the RSS's foundation day celebration at Reshimbaug in Nagpur, Mr. Bhagwat asked how India would feed its people after 50 years and what kind of education and healthcare would be provided if the population continued to grow.

"Our country has a huge population - this is a reality. Populations require resources and if it keeps growing it becomes a big burden. Therefore, with the perspective of population control, plans are made," he said, citing China's efforts to control population. He added that the number of children was linked to maternal health, education and financial status of a family.


Mohan Bhagwat

Mr. Bhagwat said three countries – East Timor, South Sudan and Kosovo – had come into existence in the 21st century as a result of population imbalance in certain territories of Indonesia, Sudan and Serbia.

Mr. Bhagwat once again termed the Udaipur and Amravati killings "heinous crimes", and added that the whole society was shocked, sad and angry with such incidents.

Mr. Bhagwat said there was scare-mongering among the minorities that there was a danger to them. "They say *sangh wale marenge*... This is neither the nature of the Sangh nor of Hindus. The Sangh has a steely resolve to stand on the side of brotherhood, amity and peace," he said.

Taking forward the RSS's outreach to the Dalit community, Mr. Bhagwat said "temple, water and cremation" should be the same for all.

"We need to stop fighting for who will ride horse in weddings and who will not," he said.

## ആവശ്യം ആവർത്തിച്ച് ആർഎസ്എസ്

# ജനസംഖ്യ നിയന്ത്രിക്കണം

**സ്വന്തം ലേഖകൻ**
ന്യൂഡൽഹി

- മതാടിസ്ഥാനത്തിലുള്ള ജനസംഖ്യാ അസന്തുലിതാവസ്ഥ അവഗണിക്കാനാകില്ലെന്ന് മോഹൻ ഭാഗവത്
- ഹിന്ദുരാഷ്ട്ര സങ്കൽപ്പം ശക്തിപ്പെടുന്നെന്ന്

മതാടിസ്ഥാനത്തിലുള്ള ജനസംഖ്യാ സന്തുലനം പ്രധാനമാണെന്നും അത് അവഗണിക്കാനാകില്ലെന്നും ആർഎസ്എസ് തലവൻ മോഹൻ ഭാഗവത്. എല്ലാവർക്കും ബാധകമായ ജനസംഖ്യാ നിയന്ത്രണം അടുത്ത 50 വർഷത്തേക്ക് നടപ്പാക്കണം. ജനസംഖ്യാ അസന്തുലിതാവസ്ഥ ഭൂമിശാസ്ത്രപരമായ അതിരുകളിൽ മാറ്റം വരുത്തും. നിർബന്ധപൂർവവും പ്രലോഭനങ്ങളിലൂടെയുമുള്ള മതംമാറ്റം, നുഴഞ്ഞുകയറ്റം എന്നിവയും പ്രധാന കാരണങ്ങളാണ്. ഇതെല്ലാം പരിഗണിക്കണം– നാഗ്പുരിൽ ആർഎസ്എസ് സ്ഥാപകദിനാഘോഷത്തിൽ ഭാഗവത് പറഞ്ഞു.


മോഹൻ ഭാഗവത്

സംഘപരിവാറും സംഘടിത ഹിന്ദുക്കളും അപകടകരമാണെന്ന രീതിയിൽ ഭീതിപ്പെടുത്തൽ ന്യൂനപക്ഷങ്ങളെന്ന് അവകാശപ്പെടുന്നവർക്കിടയിൽ നടക്കുന്നുണ്ട്. സംഘപരിവാറുകാർ കൊല്ലുമെന്നാണ് പറയുന്നത്. ക്ഷേത്രവും വെള്ളവും സംസ്കാരവും എല്ലാവർക്കും ഒരുപോലെ ആയിരിക്കണം. കല്യാണങ്ങൾക്ക് ആർക്കൊക്കെ കുതിരയെ ഓടിക്കാം, ആർക്കെല്ലാം പറ്റില്ല തുടങ്ങിയ തർക്കങ്ങൾ അവസാനിപ്പിക്കണം. വിദ്യാഭ്യാസം മാതൃഭാഷയിലാകണം. കരിയർ നിർമാണത്തിന് ഇംഗ്ലീഷ് അനിവാര്യമല്ല. സ്ത്രീകൾക്ക് തുല്യ അവസരവും അവകാശവും നൽകാതെ ഇന്ത്യക്ക് വളരാനാകില്ല.

രാജ്യത്ത് സംഘപരിവാർ ശക്തമായതോടെ ഹിന്ദുരാഷ്ട്രമെന്ന സങ്കൽപ്പം ഇപ്പോൾ ഗൗരവത്തിൽ ഉയർന്നുവരികയാണ്. പലരും ഈ സങ്കൽപ്പത്തോട് യോജിക്കുന്നുണ്ട്. എന്നാൽ, 'ഹിന്ദു' എന്ന വാക്കിനോടാണ് വിയോജിപ്പ്. അവർ മറ്റു വാക്കുകൾ നിർദേശിക്കുന്നുണ്ട്. അതിൽ ആർഎസ്എസിന് പ്രശ്നമില്ല. എന്നാൽ, ഹിന്ദു എന്ന വാക്കിന് തുടർന്നും ഊന്നൽ നൽകിക്കൊണ്ടിരിക്കും – ഭാഗവത് പറഞ്ഞു.

### സാമൂഹിക അസമത്വം മറയ്ക്കാൻ വിദ്വേഷം പടർത്തുന്നു: എം എ ബേബി

ന്യൂഡൽഹി

രാജ്യത്ത് ദാരിദ്ര്യവും തൊഴിലില്ലായ്മയും സാമൂഹിക അസമത്വവും വർധിക്കുന്നത് മൂടിവയ്ക്കാൻ ആർഎസ്എസ് തലവൻ മോഹൻ ഭാഗവത് വർഗീയവിദ്വേഷം പടർത്തുകയാണെന്ന് സിപിഐ എം പൊളിറ്റ്ബ്യൂറോ അംഗം എം എ ബേബി.

ആ പ്രശ്നങ്ങൾക്കുള്ള പരിഹാരം ജനങ്ങളെ വർഗീയമായി വിഭജിക്കുകയാണെന്ന ആർഎസ്എസ് നിലപാടാണ് ആവർത്തിക്കുന്നത്. ഇന്ത്യയിലെ മതന്യൂനപക്ഷങ്ങളെല്ലാം ചേർന്നാൽ 15 ശതമാനത്തിൽ താഴെയാണുള്ളത്. ന്യൂനപക്ഷങ്ങളുടെ വളർച്ച എത്ര അസമത്വത്തിൽ ഊന്നിയതായാലും 85 ശതമാനത്തെ വെല്ലുവിളിക്കാനാകില്ലെന്ന് എല്ലാ ജനസംഖ്യാ വിദഗ്ധരും അടിവരയിടുന്നു. ഇതെല്ലാം മറച്ചുവച്ച് വിദ്വേഷം പടർത്തുന്ന ആർഎസ്എസ് ഒരു ദേശവിരുദ്ധ ശക്തിയാണെന്ന് ബേബി ഫെയ്സ്ബുക്ക് പോസ്റ്റിൽ ചൂണ്ടിക്കാട്ടി.

# ജനസംഖ്യ നിയന്ത്രിക്കണം: മോഹൻ ഭാഗവത്

ന്യൂഡൽഹി: മതാടിസ്ഥാനത്തിലുള്ള ജനസംഖ്യാ അസന്തുലിതത്വം പരിഹരിക്കാൻ ജനസംഖ്യാ നിയന്ത്രണം വേണമെന്ന് ആർ.എസ്.എസ് സർ സംഘചാലക് ഡോ. മോഹൻ ഭാഗവത് പറഞ്ഞു. ആർ എസ്.എസ് സ്ഥാപന ദിനമായ വിജയദശമി ദിനത്തിൽ നാഗ്പൂർ ആർ.എസ്.എസ് ആസ്ഥാനത്തെ പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

മതാടിസ്ഥാനത്തിലുള്ള ജനസംഖ്യ അസമത്വം നിയന്ത്രിക്കാൻ നിയമം വേണം. ജനസംഖ്യയെ വിഭവശേഷിയായും ജനസംഖ്യയ്ക്ക് വരുമാനം വേണമെന്നും മനസിൽ കണ്ട് ഒരു ജനസംഖ്യാ നയം ഉണ്ടാവണം.

വിഭവങ്ങൾ കെട്ടിപ്പടുക്കാതെ ജനസംഖ്യ വളർന്നാൽ ബാദ്ധ്യതയാവും. മതാടിസ്ഥാനത്തിലുള്ള ജനസംഖ്യാ അസമത്വം ഭൂമി ശാസ്ത്രപരമായ അതിരുകൾ മാറ്റും. ജനനനിരക്കിലെ വ്യത്യാസങ്ങൾക്കൊപ്പം ബലപ്രയോഗത്തിലൂടെയും നുഴഞ്ഞുകയറ്റത്തിലൂടെയുമുള്ള മാറ്റങ്ങളും ജനസംഖ്യാ അസമത്വത്തിന് കാരണമാണ്.

ഹിന്ദു രാഷ്ട്ര സങ്കല്പത്തോട് യോജിക്കുന്നവർ പോലും ഹിന്ദു എന്ന വാക്കിനെ എതിർക്കുന്നു. അതിലൊന്നും ഞങ്ങൾക്ക് പ്രശ്നമില്ല. ആശയ വ്യക്തതക്കായി ഹിന്ദു എന്നതിൽ അടിസ്ഥാനമാക്കിയുള്ള പ്രവർത്തനം ഇടരും. ന്യൂനപക്ഷങ്ങളെ ഭയപ്പെടുത്തുന്നത് സംഘത്തിന്റെ സ്വഭാവമല്ല. സാഹോദര്യത്തിന്റെയും സൗഹാർദ്ദത്തിന്റെയും പക്ഷത്താണ് സംഘം.

ക്ഷേത്രവും വെള്ളവും ശ്മശാനവും എല്ലാവർക്കും പൊതുവായിരിക്കണം. ഖേദകരമായ കാര്യങ്ങളുടെ പേരിൽ നാം വഴക്കിടരുത്.

സ്ത്രീകളോട് തുല്യതയോടെ പെരുമാറണം. തീരുമാനങ്ങളെടുക്കാൻ സ്വാതന്ത്ര്യം നൽകണം. കൊവിഡിന് ശേഷം സാധാരണ നിലയിലാകുന്ന സമ്പദ് വ്യവസ്ഥ കൂടുതൽ വളരുമെന്ന് സാമ്പത്തിക വിദഗ്ദ്ധർ പറന്നു. കായിക താരങ്ങൾ അഭിമാനമാകുകയാണ്.

ഇംഗ്ലീഷ് നമ്മുടെ തലമുറയുടെ കരിയറിന് പ്രധാനമാണെന്നത് ഒരു മിഥ്യയാണ്.

പുതിയ വിദ്യാഭ്യാസം വിദ്യാർത്ഥികളെ സംസ്കാരവും രാജ്യസ്നേഹവും ഉള്ളവരാക്കണമെന്നും മോഹൻ ഭഗവത് പറഞ്ഞു.



ആർ.എസ്.എസിന്റെ ദസറ ആഘോഷത്തിൽ മുഖ്യാതിഥിയായി എത്തിയ സന്തോഷ് യാദവ്

### ദസറയിൽ മുഖ്യാതിഥിയായി വനിത

ചരിത്രത്തിലാദ്യമായി ആർ.എസ്.എസിന്റെ ദസറ ആഘോഷത്തിൽ മുഖ്യാതിഥിയായി വനിത. എവറസ്റ്റ് കൊടുമുടി രണ്ട് തവണ കീഴടക്കിയ ഹരിയാന സ്വദേശി സന്തോഷ് യാദവാണ് നാഗ്പൂരിൽ നടന്ന ചടങ്ങിൽപങ്കെടുത്തത്.ആഘോഷം ആർ.എസ്.എസ്മേധാവി മോഹൻ ഭഗവത് ഉദ്ഘാടനം ചെയ്തു.

# സമാജശക്തിയിലൂടെ രാഷ്ട്രപുനരുത്ഥാനം

നാഗ്പൂരിൽ നടന്ന ആർഎസ്എസ് വിജയദശമി മഹോത്സവത്തിൽ സർസംഘചാലക് ഡോ. മോഹൻ ഭാഗവത് നടത്തിയ പ്രഭാഷണത്തിന്റെ പ്രസക്ത ഭാഗങ്ങൾ



നാഗ്പൂരിൽ നടന്ന ആർഎസ്എസ് വിജയദശമി മഹോത്സവത്തിൽ സർസംഘചാലക് ഡോ. മോഹൻ ഭാഗവത് സംസാരിക്കുന്നു

ദേശീയവിദ്യാഭ്യാസനയം ഊന്നുന്നത് പഠനം മാതൃഭാഷയിലാകണം എന്നതിലാണ്. സർക്കാർ മാതൃഭാഷയെ പ്രോത്സാഹിപ്പിക്കുമ്പോൾ സമാജം അതിന് തയ്യാറാണോ എന്ന ചോദ്യം ശ്രദ്ധേയമാണ്. ഓരോരുത്തരും തങ്ങളുടെ കുട്ടികൾക്ക് മാതൃഭാഷയിൽ വിദ്യാഭ്യാസം വേണം എന്ന് തീരുമാനിക്കുമോ? നമ്മുടെ വീട്ടുപേരുകൾ പതിപ്പിക്കുന്ന ഫലകം, നമ്മുടെ ഒപ്പ് ഇതൊക്കെ മാതൃഭാഷയിലാണോ? ക്ഷണക്കത്തുകൾ നമ്മുടെ ഭാഷയിലാണോ? പുതിയ വിദ്യാഭ്യാസനയം വിദ്യാർത്ഥികളെ സംസ്കാരമുള്ളവരും രാജ്യസ്നേഹികളുമായി വളരാൻ പ്രേരിപ്പിക്കുന്നു. എന്നാൽ വിദ്യാഭ്യാസത്തിന്റെ മൊത്തത്തിലുള്ള ഈ ലക്ഷ്യത്തെ കുറിച്ച് രക്ഷിതാക്കൾ ബോധമുള്ളവരാണോ?

# ആർഎസ്എസ് സനാതന സംസ്കൃതിയിൽ മുന്നേറുന്ന സംഘടന: സന്തോഷ് യാദവ്

**നാഗ്പൂർ:** പഠിക്കാതെ വിമർശിക്കുന്നവർ അബദ്ധ ധാരണകൾ സൃഷ്ടിക്കുമെന്ന് വിഖ്യാത പർവതാരോഹക പദ്മശ്രീ സന്തോഷ് യാദവ്. രേംശിബാഗിൽ ആർഎസ്എസ് നാഗ്പൂർ മഹാനഗർ വിജയദശമി മഹോത്സവത്തിൽ അധ്യക്ഷത വഹിക്കുകയായിരുന്നു അവർ. ജെഎൻ യുവിൽ ഒരു പരിപാടിയിൽ സംസാരിക്കുമ്പോൾ ഒരു വിദ്യാർത്ഥി ചോദിച്ചു, രാമചരിതമാനസവും ഗീതയും പഠിക്കണമെന്ന് എന്തിനാണ് പറയുന്നതെന്ന്. ഈ ഗ്രന്ഥങ്ങൾ വായിച്ചിട്ടുണ്ടോ എന്ന് ഞാൻ ചോദിച്ചു. ഇല്ലെന്നായിരുന്നു മറുപടി. പിന്നെന്തിന്റെ അടിസ്ഥാനത്തിലാണ് ഈ ഗ്രന്ഥങ്ങളെ അവർ വിമർശിക്കുന്നത്.

ഞാൻ സനാതന സംസ്കൃതിയെ കുറിച്ചു പറയുമ്പോൾ, ഭാരതീയ മൂല്യങ്ങളെ കുറിച്ചു പറയുമ്പോൾ, ഭാരത മാതാവിനെ കുറിച്ചു പറയുമ്പോൾ, വിശ്വശാന്തിയെ കുറിച്ചു പറയുമ്പോൾ എന്നോട് ചിലർ ചോദിക്കാറുണ്ടായിരുന്നു, നിങ്ങൾ ഒരു ആർഎസ്എസ് ആണോ എന്ന്.

ആദ്യമാദ്യം എനിക്ക് ആ ചോദ്യം മനസിലാക്കാൻ സാധിച്ചിരുന്നില്ല. പിന്നീടാണ് എനിക്ക് സംഘത്തെ കുറിച്ചു അറിയാനും മനസ്സിലാക്കാനും സാധിച്ചത്. അങ്ങനെയാണ് സംഘവും സനാതന സംസ്കൃതിയും ഭാരതീയ മൂല്യങ്ങളും ഉയർത്തി പിടിക്കാൻ ശ്രമിക്കുന്ന, ഭാരതീയ ദർശനങ്ങളെ ലോകത്തിന് മുന്നിൽ അഭിമാനത്തോടെ ഉയർത്തി പിടിക്കുന്ന സംഘടന ആണെന്ന് മനസിലാക്കാൻ സാധിച്ചത്, സന്തോഷ് യാദവ് പറഞ്ഞു.

## *Show of strength*



**In unison:** A route march organised by the Rashtriya Swayamsevak Sangh in Thiruvananthapuram on the occasion of Vijayadashami on Wednesday. S. MAHINSHA




# ആർഎസ്എസ് ഒരു തുറന്ന പുസ്തകം: പി.എൻ. ഈശ്വരൻ

തൊടുപുഴ: അധർമ്മത്തിന് മേൽ ധർമ്മം വിജയം നേടിയ വിജയദശമി ദിനത്തിൽ ആരംഭം കുറിച്ച ആർഎസ്എസ് ഒരു തുറന്ന പുസ്തകമാണെന്ന് പ്രാന്ത കാര്യവാഹ് പി.എൻ. ഈശ്വരൻ. വിജയദശമിയോടനുബന്ധിച്ച് തൊടുപുഴയിലെ പഥസഞ്ചലനത്തിന്റെ പൊതുപരിപാടിയിൽ മുഖ്യ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. വിജയദശമിയോട് അനുബന്ധിച്ച് രാജ്യം മുഴുവൻ ആഘോഷ തിമിർപ്പിലാണ്. രാവണന്റെ സൈനീക ശക്തിക്ക് മുൻപിൽ ശ്രീരാമൻ നിസാരനായിരുന്നു. പക്ഷേ ധർമ്മം രാമന്റെ പക്ഷത്തായിരുന്നെന്നും പി.എൻ. ഈശ്വരൻ പറഞ്ഞു. എല്ലാ പൗരൻമാരിലും ദേശസ്നേഹം ഉണ്ടാക്കുകയെന്ന പ്രവർത്തനമാണ് ആർഎസ്എസ് നിരന്തരം ചെയ്യുന്നത്. രാജ്യത്തിന്റെ പൗരൻ എന്ന് പറഞ്ഞാൽ രാജ്യത്തിന്റെ പൈതൃകവുമായി ഇഴുകി ചേരുക എന്നതാണ്. ഭരണഘടന നിലവിൽ വരുന്നതിന് മുമ്പേ സംസ്കാര സമ്പന്നമായ ഒരു ജനത ഇവിടെ ജീവിച്ചിരുന്നെന്നും അദ്ദേഹം പറഞ്ഞു. ജനജീവിതത്തിന്റെ ആധാരം ധർമ്മമായിരുന്നു.

ഭാരതത്തിന്റെ ഐക്യത്തിന്റെ അടിസ്ഥാനമാണ് വിജയദശമി. പോപ്പുലർ ഫ്രണ്ടിനെ നിരോധിച്ചത് ആർഎസ്എസ് അല്ല. രാജ്യത്തിന്റെ നിയമ വ്യവസ്ഥയാണ് ആ സംഘടനക്ക് വിലക്ക് ഏർപ്പെടുത്തിയത്. ഒരു വിഭാഗം മുസ്ലീം സംഘടനകൾ നടത്തുന്ന തീവ്രവാദത്തിനെതിരെ മുസ്ലീം സമൂഹം രംഗത്ത് വരണമെന്നും അദ്ദേഹം പറഞ്ഞു.

റിട്ട. ജില്ലാ ജഡ്ജ് ജോൺ കെ. ഇല്ലിക്കാടൻ അധ്യക്ഷനായി. പ്രവർത്തകരുടെ ശാരീരിക പ്രദർശനവും നടന്നു. വിഭാഗ് സംഘചാലക് കെ.എൻ. രാജു, ജില്ലാ സംഘ ചാലക് എസ്. സുധാകരൻ എന്നിവർ വേദിയിൽ സന്നിഹിതരായിരുന്നു. ചടങ്ങിൽ കേസരി വാരികയുടെ പ്രചാര മാസത്തിന്റെ ഉദ്ഘാടനവും നടന്നു. റിട്ട. ഡിഎഫ്ഒ പ്രേംകുമാർ കരുണാകരനിൽ നിന്ന് വിഭാഗ് സംഘചാലക് കെ.എൻ. രാജു വരിസംഖ്യ സ്വീകരിച്ചു.

കേരള കൗമുദി
SINCE 1911
Kannur
06 Oct 2022




വിജയദശമി ഉത്സവത്തിന്റെ ഭാഗമായി ആർ.എസ്.എസ് കണ്ണൂരിൽ നടത്തിയ പഥസഞ്ചലനം.

KERALA KAUMUDI EPAPER
Clipping Kerala Kaumudi - Kannur



വിജയശക്തി സംഗമത്തോടനുബന്ധിച്ച് കൊടുങ്ങല്ലൂരിൽ നടന്ന പഥസഞ്ചലനം

# കൊടുങ്ങല്ലൂരിൽ വിജയശക്തി സംഗമം

**കൊടുങ്ങല്ലൂർ**: ഹിന്ദുത്വമാണ് ഭാരതത്തിന്റെ സാംസ്കാരിക മൂല്യമാണെന്നും അതിനെ ശക്തിപ്പെടുത്തുന്നതിലൂടെ മാത്രമേ രാഷ്ട്രത്തെ ശക്തിപ്പെടുത്താനാകൂവെന്നും ആർഎസ്എസ് വിഭാഗ് കാര്യവാഹ് വി.എ. ഉണ്ണികൃഷ്ണൻ. കൊടുങ്ങല്ലൂർ ഖണ്ഡ് വിജയദശമി മഹോത്സവം വിജയശക്തി സംഗമം ശൃംഗപുരം കുഞ്ഞുക്കുട്ടൻ തമ്പുരാൻ നഗറിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഡോ. വാസുദേവ പണിക്കർ അദ്ധ്യക്ഷത വഹിച്ചു. വിഭാഗ് സംഘചാലക് കെ.എസ്. പത്മനാഭൻ, ഖണ്ഡ് സംഘചാലക് അഡ്വ. ടി.കെ. മധുസൂദനൻ എന്നിവർ സംബന്ധിച്ചു. ഖണ്ഡ് കാര്യവാഹ് എ.എൻ. ജയൻ സ്വാഗതമാശംസിച്ചു. കായിക പ്രദശനങ്ങളുമുണ്ടായി. നേരത്തെ ശാസ്താവിടത്തു നിന്നുമാരംഭിച്ച പഥസഞ്ചലനത്തിൽ നൂറുകണക്കിന് സ്വയംസേവകർ പങ്കെടുത്തു.



# സംഘശക്തി വിളിച്ചോതി ആർഎസ്എസ് പഥസഞ്ചലനങ്ങൾ

## സംഘം ധർമസംസ്ഥാപന പാതയിൽ: സുനിൽകുൽക്കർണി

## രാഷ്ട്രബോധമുള്ള ജനതയിലൂടെ പരംവൈഭവം സാധ്യം: ആർ. സഞ്ജയൻ



**കയ്പമംഗലം മതിലകത്ത് വിജയദശമി ദിനത്തിൽ നടന്ന പഥ സഞ്ചലനം**



ആർഎസ്എസ് ഗുരുവായൂർ ഖണ്ഡ് വിജയദശമി ആഘോഷത്തിന്റെ ഭാഗമായി നടന്ന ശാരീരിക പ്രദർശനം

# ആർഎസ്എസ് പഥസഞ്ചലനം

**തൃശൂർ:** വിജയദശമിയോടനുബന്ധിച്ച് ആർഎസ്എസ് തൃശൂർ മഹാനഗർ പഥസഞ്ചലനം പൂങ്കുന്നം ശിവക്ഷേത്ര മൈതാനിയിൽ നിന്നാരംഭിച്ച് അരണാട്ടുകര നേതാജി ഗ്രൗണ്ടിൽ സമാപിച്ചു.തുടർന്ന് നടന്ന സമ്മേളനത്തിൽ ഡിആർഡിഒ മുൻ ഡയറക്ടർ ഡോ. കെ.മുരളീധരൻ അധ്യക്ഷത വഹിച്ചു. പ്രാന്ത സമ്പർക്കപ്രമുഖ് കെ.ബി ശ്രീകുമാർ പ്രഭാഷണം നടത്തി.വിഭാഗ് സംഘചാലക് കെ.എസ്.പത്മനാഭൻ, മഹാനഗർ സംഘചാലക് പ്രൊഫ.പി.വി.ഗോപിനാഥൻ എന്നിവരും പങ്കെടുത്തു.

കേസരി വാരികയുടെ മഹാനഗർ തല വരിസംഖ്യാ പ്രചാരണം മാക്സ് വാല്യൂ ചെയർമാൻ സി.വി.പോൾസനിൽ നിന്ന് വരിസംഖ്യ സ്വീകരിച്ച് വിഭാഗ് സംഘചാലക് കെ.എസ്.പത്മനാഭൻ ഉദ്ഘാടനം ചെയ്തു.കായികപ്രദർശനവും അരങ്ങേറി.

**ചാവക്കാട്:** ആർഎസ്എസ് ഗുരുവായൂർ ഖണ്ഡ് വിജയദശമി ആഘോഷത്തിന്റെ ഭാഗമായി പഥസഞ്ചലനവും സാംസ്കാരിക സമ്മേളനവു സംഘടിപ്പിച്ചു. ഒരുമനയൂ മാങ്ങോട്ട്പടിയിൽ നിന്നാര ഭിച്ച് ചാവക്കാട് കൂട്ടുങ്ങര ചത്വരത്തിൽ സമാപിച്ചു. ശ രീരിക പ്രദർശനം, ബൗദ്ധിക എന്നിവ ഉണ്ടായി. റിട്ട. എയ ഫോഴ്സ് ഉദ്യോഗസ്ഥൻ കെ.വി ഷണ്മുഖൻ അധ്യക്ഷത വഹി ച്ചു. വിഭാഗ് പ്രൗഢ പ്രമുഖ് 1.കെ. വത്സൻ ബൗദ്ധിക് ന ത്തി. ഖണ്ഡ് സംഘചാലക് ടി കേശവൻ നേതൃത്വം നൽകി.

# ആർഎസ്എസ് നിരോധനം ആവശ്യപ്പെടുന്നത് ദേശീയത അംഗീകരിക്കാത്തവർ: സി.ബാബു







വിജയദശമിയോടനുബന്ധിച്ച് ഇന്നലെ ആർഎസ്എസ് തിരുവനന്തപുരം മഹാനഗരത്തിന്റെ പഥസഞ്ചലനം എംജി റോഡിലൂടെ മുന്നേറുന്നു

അനിൽഗോപി







# കമ്മ്യൂണിസ്റ്റ് – ഇസ്ലാമിക് അവിശുദ്ധ കൂട്ടുകെട്ട് അപകടകരം: ആർഎസ്എസ്

## പഥസഞ്ചലനവും കായികപ്രദർശനവും നടന്നു







# ആർ.എസ്.എസിന്റെ 97-ാം ജന്മദിനം ആഘോഷിച്ചു

തിരുവനന്തപുരം ▸ ആർ.എസ്.എസിന്റെ 97-ാം ജന്മദിനവും വിജയദശമി മഹോത്സവവും ആഘോഷിച്ചു. നൂറുകണക്കിനുപേർ പങ്കെടുത്ത പഥസഞ്ചലനവും നടന്നു.

മൂന്ന് വിവിധ കേന്ദ്രങ്ങളിൽനിന്ന് ആരംഭിച്ച പഥസഞ്ചലനത്തിൽ നൂറുകണക്കിനുപേർ അണിനിരന്നു. പനവിള, ജനറൽ ആശുപത്രി, മ്യൂസിയം പോലീസ് സ്റ്റേഷൻ ജങ്ഷനുകളിൽ നിന്ന് ആരംഭിച്ച പഥസഞ്ചലനങ്ങൾ പാളയം രക്തസാക്ഷിമണ്ഡപത്തിനു മുന്നിൽ സംഗമിച്ച് മഹാസഞ്ചലനമായി. മുൻകാലങ്ങളിൽനിന്നു വ്യത്യസ്തമായി എട്ടുവരികളായി എം.ജി. റോഡ് നിറഞ്ഞായിരുന്നു സഞ്ചലനം നടന്നത്. സഞ്ചലനം പുത്തരിക്കണ്ടം മൈതാനത്ത് സമാപിച്ചു. തുടർന്നു നടന്ന പരിപാടിയിൽ ആർ.എസ്.എസ്. ക്ഷേത്രീയ വ്യവസ്ഥാ പ്രമുഖ് കെ.വേണു വിജയദശമി സന്ദേശം നൽകി. ലോകത്തിനു മുഴുവൻ ആവശ്യമായ ദർശനങ്ങളെ വളർത്തുകയും പരിപാലിക്കുകയും ചെയ്ത നാടാണ് ഭാരതമെന്ന് അദ്ദേഹം പറഞ്ഞു.

ആർഷഭാരത സംസ്കാരം ഉയർത്തിപ്പിടിക്കുകയും യുവതലമുറയ്ക്കു പകർന്നുനൽകേണ്ടതുമായ കാലഘട്ടത്തിലൂടെയാണ് നാം കടന്നുപോകുന്നതെന്ന് അധ്യക്ഷത വഹിച്ച മുൻ എയർഫോഴ്സ് വെറ്ററൻ എയർ വൈസ് മാർഷൽ ഡോ. ടി.പി.മധുസൂദനൻ പറഞ്ഞു. മഹാനഗരം സംഘചാലക് പി.ഗിരീഷ്, മഹാനഗർ ജില്ലാ കാര്യവാഹ് ബി.അർജുൻ ഗോപാൽ എന്നിവർ പ്രസംഗിച്ചു.



രാഷ്ട്രീയ സ്വയംസേവക സംഘത്തിന്റെ തൊണ്ണൂറ്റിയേഴാം ...ത്തിന്റെയും ഭാഗമായി

## TAKING THE TRADITIONAL ROUTE

T K Deepaprasad



Volunteers of Rashtriya Swayamsevak Sangh (RSS) take part in the 'Path-Sanchalan' (route march), during their celebrations to mark Vijaya Dashmi, in Thiruvananthapuram on Wednesday


Mathrubhumi
മാതൃഭൂമി



വിജയദശമി ആഘോഷത്തിന്റെ ഭാഗമായി രാഷ്ട്രീയ
സ്വയം സേവകസംഘം ചങ്ങനാശ്ശേരിയിൽ നടത്തിയ പഥസഞ്ചലനം

06/10/2022 CHANGANACHERRY Pg 04

# പ്രാദേശിക



ആർഎസ്എസിന്റെ ജന്മദിനാഘോഷത്തിന്റെ ഭാഗമായി തിരുവനന്തപുരത്ത് നടന്ന വിജയദശമി പഥസഞ്ചലനത്തിൽ നിന്ന്.

ഡോ. ടി. ജി. രാമചന്ദ്രൻപിള്ള, ഡോ. എഴുമറ്റൂർ രാജരാജവർമ്മ, കെ. വി. മോഹൻകുമാർ, പ്രൊഫ. വി. കാർത്തികേയൻനായർ, ആറ്റുകാൽ ദാമോദരൻനമ്പൂതിരി എന്നിവർ എഴുത്തിലും കാരയ്ക്കാമണ്ഡപം വിജയകുമാർ, പ്രൊഫ. സുശീലാദേവി, കല്ലറ ഗോപൻ, മണക്കാട് ഗോപൻ ഗായത്രി എന്നിവർ വിവിധ കലകളിലും ആചാര്യന്മാരായി.

ശിവഗിരിമഠം, അരുവിപ്പുറം, ചെമ്പഴന്തി ശ്രീനാരായണ ഗുരുകുലം, തോന്നയ്ക്കൽ ആശാൻസ്മാരകം, നെയ്യാറ്റിൻകര ശ്രീകൃഷ്ണസ്വാമി ക്ഷേത്രം, പാറശാല മഹാദേവക്ഷേത്രം, വർക്കല ജനാർദ്ദനസ്വാമി ക്ഷേത്രം, കൊല്ലങ്കോട് ഭദ്രകാളിക്ഷേത്രം, മലയിൻകീഴ് ശ്രീകൃഷ്ണസ്വാമിക്ഷേത്രം, പിരപ്പൻകോട് ശ്രീകൃഷ്ണസ്വാമി ക്ഷേത്രം, തക്കല തേവാരക്കെട്ട് ക്ഷേത്രം എന്നിവിടങ്ങളിലും വിദ്യാരംഭം നടന്നു.



രാഷ്ട്രീയ സ്വയം സേവക് സംഘത്തിന്റെ തൊണ്ണൂറ്റി ഏഴാം ജന്മദിനവും വിജയദശമി ആഘോഷത്തോടുമനുബന്ധിച്ച് തിരുവനന്തപുരം നഗരത്തിൽ നടത്തിയ പഥസഞ്ചലനം

you Trivandrum

Mathrubhumi
മാതൃഭൂമി



ആർ.എസ്.എസ്.വിജയദശമി ആഘോഷത്തിന്റെ ഭാഗമായി കോട്ടയത്ത് നടത്തിയ ചടങ്ങിൽനിന്ന്

06/10/2022 VAIKOM Pg 02

Mathrubhumi
മാതൃഭൂമി



ആർ.എസ്.എസ്. എരുമേലി താലൂക്ക് വിഭാഗിന്റെ നേതൃത്വത്തിൽ എരുമേലിയിൽ നടന്ന പഥസഞ്ചലനം

06/10/2022 CHANGANACHERRY Pg 04

Mathrubhumi
മാതൃഭൂമി



മണിമലയിൽ നടന്ന ആർ.എസ്.എസ്. പഥസഞ്ചലനം

06/10/2022 CHANGANACHERRY Pg 04

Mathrubhumi
മാതൃഭൂമി



രാഷ്ട്രീയ സ്വയംസേവക സംഘം പൂഞ്ഞാർ ഖണ്ഡിന്റെ ആഭിമുഖ്യത്തിൽ നടത്തിയ പഥസഞ്ചലനം

06/10/2022 PALA,ERATTUPETTA Pg 04

Mathrubhumi
മാതൃഭൂമി



ആർ.എസ്.എസ്.പൊൻകുന്നത്ത് നടത്തിയ വിജയദശമി പഥസഞ്ചലനം

06/10/2022 CHANGANACHERRY Pg 04



ആർ.എസ്.എസ്. വൈക്കത്ത് നടത്തിയ പഥസഞ്ചലനം

06/10/2022 VAIKOM Pg 04

/



# കൈവഴികൾ നദിയിൽ സംയോജിച്ച് മഹാസഞ്ചലനമായി

# ആവേശമായി ആർഎസ്എസ് പഥസഞ്ചലനം

**ഇടുക്കി**: ആർഎസ്എസിന്റെ പിറന്നാൾ ദിനമായ വിജയദശമിയോടനുബന്ധിച്ച് ഇടുക്കിയിൽ മൂന്നിടത്ത് ഗണവേഷധാരികളായ സ്വയംസേവകർ അണിനിരന്ന പഥസഞ്ചലനവും പൊതുപരിപാടിയും നടന്നു. ദേവികുളം സംഘജില്ലയുടെ പരിപാടി മഹാനവമി ദിനത്തിൽ അടിമാലി ടൗണിൽ വെച്ചും ഇടുക്കി, തൊടുപുഴ ജില്ലകളുടേത് ഇന്നലെ യഥാക്രമം കട്ടപ്പന, തൊടുപുഴ നഗരങ്ങളിൽ വെച്ചുമായിരുന്നു. അന്തതിടങ്ങളിൽ വിവിധ ഭാഗങ്ങളിൽ നിന്നും നൂറുകണക്കിന് സ്വയംസേവകരാണ് പഥസഞ്ചലനത്തിൽ അണിനിരന്നത്. പഥസഞ്ചലനം കാണുവാൻ നിരവധി പേരാണ് റോഡിനിരുവശവും കാത്തുനിന്നത്. ഘോഷിന്റെ അകമ്പടിയോടെ താളാത്മകമായി ഒരേ ചുവടുകളുമായി പ്രവർത്തകർ അച്ചടക്കത്തോടെ മാർച്ച് ചെയ്ത് നീങ്ങിയത് സംഘ ശിക്ഷണത്തിന്റെ പ്രകടിത രൂപമായി മാറി. ഗതാഗതം നിയന്ത്രിക്കാനും പഥസഞ്ചലനം സുഗമമായി കടന്നു പോകുന്നതിനുമായി പ്രത്യേകം സംവിധാനം ഒരുക്കിയിരുന്നു. പൊതുപരിപാടിയിൽ പ്രവർത്തകർ നടത്തിയ കായികപ്രദർശനം വേറിട്ട കാഴ്ചയായി. മനസ്സും ശരീരവും ഒരേ പോലെ ചലിപ്പിച്ച് പ്രദർശിപ്പിച്ച വിവിധ ശാരീരിക് പ്രദർശനങ്ങൾ ഏറെ ശ്രദ്ധിക്കപ്പെട്ടു.

**തൊടുപുഴ**: നഗരത്തിൽ ഇന്നലെ ഉച്ചകഴിഞ്ഞ് 3.45ന് രണ്ടിടങ്ങളിൽ നിന്നുമായി ആരംഭിച്ച പഥസഞ്ചലനം ലൈഫോൺ എക്സ്ചേഞ്ച് ജങ്ഷനിൽ സംഗമിച്ച് പൊതുപരിപാടി നിശ്ചയിച്ചിരുന്ന പഴയ പ്രൈവറ്റ് ബസ് സ്റ്റാൻഡ് മൈതാനിയിലേക്ക് നീങ്ങി. പ്രധാന ജങ്ഷനുകളിലെല്ലാം സംഘപരിവാർ സംഘടനകളുടെ നേതൃത്വത്തിൽ പുഷ്പാർച്ചന നടത്തി പഥസഞ്ചലനത്തെ സ്വീകരിച്ചു.

വെങ്ങല്ലൂർ മങ്ങാട്ടുകവല ബൈപ്പാസ് റോഡിൽ ഉത്രം ഓഡിറ്റോറിയത്തിന് സമീപത്ത് നിന്നും, കോലാനി വെങ്ങല്ലൂർ ബൈപാസ് റോഡിൽ മുല്ലയ്ക്കൽ ക്ഷേത്രത്തിന് സമീപത്ത് നിന്നുമാണ് പഥസഞ്ചലനം ആരംഭിച്ചത്. പഴയ പ്രൈവറ്റ് ബസ് സ്റ്റാൻഡ് മൈതാനിയിൽ നടന്ന പൊതു പരിപാടിയിൽ നൂറുകണക്കിന് ആളുകൾ പങ്കെടുത്തു.

**അടിമാലി**: എസ്എൻഡിപി ജങ്ഷനിൽ നിന്നാരംഭിച്ച പഥസഞ്ചലനത്തിൽ കോരിച്ചൊരിയുന്ന മഴയത്തും ഒട്ടും ആവേശം ചോരാതെ നൂറുകണക്കിന് പ്രവർത്തകർ അണിനിരന്നു. തുടർന്ന് അടിമാലി ഗ്രാമ പഞ്ചായത്ത് ടൗൺഹാളിൽ പൊതുയോഗവും നടന്നു. ദേവികുളം സംഘജില്ലയുടെ ആഭിമുഖ്യത്തിൽ നടന്ന പരിപാടിയിൽ പ്രാന്തീയ സമ്പർക്ക പ്രമുഖ് സി.സി. ശെൽവൻ മുഖ്യപ്രഭാഷണം നടത്തി. ഭാരതം ശക്തിശാലിയാണെന്നും സമ്പത്തിലും വിദ്യാഭ്യാസത്തിന്റെ കാര്യത്തിലും എന്നും മുന്നിലായിരുന്നെന്നും അദ്ദേഹം പറഞ്ഞു.

ശക്തിശാലിയായ ഭാരതം ആരേയും അക്രമിക്കാൻ പോയിട്ടില്ല. ഇവിടെയാണ് സനാതന ധർമ്മത്തിന്റെ മഹത്വം. സനാതന ധർമ്മം മറ്റ് ആരെയും അക്രമിക്കാനല്ല എല്ലാവരേയും സ്നേഹിക്കുവാനാണ്. ലോക സമസ്തോ സുഖിനോ ഭവന്തു ഇതാണ് നമ്മുടെ മുദ്രവാക്യമെന്നും സി.സി. ശെൽവൻ പറഞ്ഞു. അഡ്വ. ബൈജു രവീന്ദ്രനാഥ് അദ്ധ്യക്ഷനായി. വിഭാഗ് സംഘ ചാലക് എൻ. രാജു, ജില്ലാ സംഘചാലക് ഇ.എം. മോഹനൻ എന്നിവർ ആശംസ പ്രസംഗം നടത്തി.

**കട്ടപ്പന**: കട്ടപ്പന ഐറ്റിഐ. ജങ്ഷൻ, വെള്ളയാംകുടി എന്നിവിടങ്ങളിൽ നിന്ന് ഒരേ സമയം ആരംഭിച്ച പഥസഞ്ചലനങ്ങൾ ഇടുക്കി കവലയിൽ സംഗമിച്ചതിന് ശേഷം സെൻട്രൽ ജങ്ഷൻ, പഴയ ബസ് സ്റ്റാന്റ് എന്നി സ്ഥലങ്ങളിലൂടെ നഗരസഭ സ്റ്റേഡിയത്തിലെത്തിലെത്തി സമാപിച്ചു. ഇടുക്കി സംഘജില്ലയുടെ ആഭിമുഖ്യത്തിലായിരുന്നു പരിപാടി. തുടർന്ന് കട്ടപ്പന മുനിസിപ്പൽ സ്റ്റേഡിയത്തിൽ പൊതുപരിപാടി ആരംഭിച്ചു.

ധ്വജാരോഹണത്തോടെ പരുപാടികൾ ആരംഭിച്ചു. തുടർന്ന് യോഗാസനം ദണ്ഡ, സൂര്യനമസ്കാരം എന്നി വിവിധ ശാരീരിക കാര്യകമങ്ങളുടെ പ്രദർശനങ്ങൾ നടന്നു. ഡബ്ല്യുഎച്ച്ഒ അഡൈ്വസർ ഡോ. ജോയ് തോമസ് അദ്ധ്യക്ഷനായ യോഗത്തിൽ ആർഎസ്എസ് പ്രാന്തീയ സഹപ്രചാർ പ്രമുഖ് പി. ഉണ്ണികൃഷ്ണൻ മുഖ്യപ്രഭാഷണം നടത്തി. ജില്ലാ സംഘചാലക് എസ്.റ്റി.ബി മോഹൻദാസ്, വിഭാഗ് കാര്യവാഹ് എം.റ്റി. ഷിബു, വിഭാഗ് പ്രചാരക് സി.വി. രാജേഷ്, വിഭാഗ് പ്രചാർ പ്രമുഖ് അജികുളത്തുങ്കൽ, പി.സി. അനിൽ, പി.വി മനു കെ.വി. സാബു എന്നിവർ നേതൃത്വം നൽകി.



▶ തൊടുപുഴ നഗരത്തിൽ നടന്ന പഥസഞ്ചലനം



▶ അടിമാലി ടൗണിൽ നടന്ന പഥ സഞ്ചലനം



▶ കട്ടപ്പന നഗരത്തിൽ നടന്ന പഥ സഞ്ചലനം



# വിജയദശമി ആഘോഷവും പഥസഞ്ചലനവും







[illegible]



[illegible]

# ഏലൂരിൽ പഥസഞ്ചലനം നടത്തി

**കളമശേരി:** 1948 ൽ ആർ.എസ്.എസ്നെ നിരോധിച്ച അന്നത്തെ പ്രധാനമന്ത്രിയായിരുന്ന ജവഹർലാൽ നെഹ്റു തന്നെയാണ് 1963ൽ റിപ്പബ്ലിക് ദിനാഘോഷ ചടങ്ങിൽ സൈന്യത്തിനൊപ്പം പരേഡിൽ പങ്കെടുക്കാൻ ക്ഷണിച്ചതും ആദരിച്ചതെന്നും അഡ്വ.എൻ.ശങ്കർ റാം പറഞ്ഞു. ഭാരതത്തിന്റെ പാരമ്പര്യവും സംസ്ക്കാരവും ദേശീയതയും ഉൾക്കൊള്ളുന്ന ആർക്കും സംഘ ശാഖയിലേക്ക് കടന്നു വരാമെന്ന് പ്രാന്തീയ കാര്യകാരി സദസ്യൻ അദ്ദേഹം പറഞ്ഞു. വിജയദശമി ദിനത്തിൽ ഏലൂർ ഫാക്ട് മൈതാനത്ത് ആർ.എസ്.എസ് കടുങ്ങല്ലൂർ ഖണ്ഡിന്റെ നേതൃത്വത്തിൽ നടന്ന മഹാസാംഘിക്കിൽ മുഖ്യ പ്രഭാഷണം നടത്തുകയായിരുന്നു. ഗവ.ഹയർ സെക്കണ്ടറി സ്കൂൾ മുൻപ്രിൻസിപ്പൽ എസ്. ജയശ്രീ അദ്ധ്യക്ഷത വഹിച്ചു. റിട്ട. ജില്ലാ ജഡ്ജിയും ജില്ലാ



ഏലൂർ ഫാക്ട് മൈതാനത്ത് ആർ.എസ്.എസ് കടുങ്ങല്ലൂർ ഖണ്ഡിന്റെ നേതൃത്വത്തിൽ നടന്ന മഹാ പഥസഞ്ചലനം

സംഘ ചാലകുമായ സുന്ദരം ഗോവിന്ദ്, സഹ സംഘചാലക് പി.വി.സഞ്ജീവ് തുടങ്ങിയവർ പങ്കെടുത്തു.

ഏലൂർ പാട്ടുപുരയ്ക്കൽ നിന്നും ആരംഭിച്ച് ഫാക്ട് മൈതാനത്ത് സമാപിച്ച റൂട്ടു മാർച്ചിൽ നൂറുകണക്കിന് ഗണ വേഷധാരികളായ പ്രവർത്തകരും, സ്ത്രീകളും കുട്ടികളുമടങ്ങുന്ന വൻ സദസും പരിപാടികൾ കാണാനെത്തിയിരുന്നു. തുടർന്ന് കായികപ്രദർശനം, ഗീതം, പ്രാർത്ഥന, ധ്വജാരോഹണവും അവരോഹണവും നടന്നു. കേന്ദ്ര സുരക്ഷാ സേനാംഗങ്ങളും, കൂടാതെ പൊലീസിന്റെയും ശക്തമായ സാന്നിദ്ധ്യവുമുണ്ടായിരുന്നു.



മൂവാറ്റുപുഴയിൽ നടന്ന പഥസഞ്ചലനം



ആർഎസ്എസ് കോഴിക്കോട് മഹാനഗർവിജയദശമി ആഘോഷത്തിൽ ദക്ഷിണക്ഷേത്രിയ സഹകാര്യവാഹ് എം. രാധാകൃഷ്ണൻ സംസാരിക്കുന്നു





## ദേശീയ ജാഗരണത്തിന്റെ വിളംബരമായി

# വിജയദശമി പഥസഞ്ചലനങ്ങൾ





വിജയദശമി ആഘോഷത്തോടനുബന്ധിച്ച് ആർഎസ്എസ് കോഴിക്കോട് മഹാനഗറിന്റെ ആഭിമുഖ്യത്തിലുള്ള പഥസഞ്ചലനം

# പുതുതലമുറയിൽ ദേശസ്നേഹം വളർത്തണം: കെ.പി. ഹരിദാസ്





# ആർഎസ്എസ് നിരോധനം ആവശ്യപ്പെടുന്നത് ദേശീയത അംഗീകരിക്കാത്തവർ: സി.ബാബു








വിജയദശമിയോടനുബന്ധിച്ച് ഇന്നലെ ആർഎസ്എസ് കൂത്തുപറമ്പ് ഖണ്ഡ് പിണറായിയിൽ നടത്തിയ പഥസഞ്ചലനം

# ആർഎസ്എസ് സ്ഥാപന ദിനം: പഥസഞ്ചലനം നടത്തി







## സ്വയംസേവകർ ശക്തിയുടെ ഉപാസകർ: കെ.എസ്. അനീഷ്





## ആർഎസ്എസ് ലക്ഷ്യം ശക്തിശാലിനിയായ രാഷ്ട്രം: വി. ശശിധരൻ







മന്ത്രി റോഷി അഗസ്റ്റിൻ ഉദ്ഘാ തുടങ്ങിയവർ സംസാരിച്ചു.

# പഥസഞ്ചലനവും പൊതുയോഗവും

കട്ടപ്പന ▸ രാഷ്ട്രീയ സ്വയംസേവകസംഘം ജന്മദിനത്തോടനുബന്ധിച്ച് കട്ടപ്പനയിൽ പഥസഞ്ചലനവും പൊതുയോഗവും നടന്നു. ഐ.ടി.ഐ. ജങ്ഷനിൽനിന്നും, വെള്ളയാംകുടിയിൽനിന്നും ഒരേ സമയം ആരംഭിച്ച പഥസഞ്ചലനങ്ങൾ ഇടുക്കി കവലയിൽ സംഗമിച്ചശേഷം സെൻട്രൽ ജങ്ഷൻ, പഴയ ബസ്സ്റ്റാൻഡ്, എന്നീ സ്ഥലങ്ങളിലൂടെ നഗരസഭാ സ്റ്റേഡിയത്തിൽ സമാപിച്ചു.

വേൾഡ് ഹെൽത്ത് ഓർഗനൈസേഷൻ ഉപദേശകൻ ജോയ് തോമസ് അധ്യക്ഷനായി. യോഗത്തിൽ പ്രാന്തീയ സഹപ്രചാർ പ്രമുഖ് പി.ഉണ്ണിക്കൃഷ്ണൻ, ജില്ലാ സംഘചാലക് ടി.ബി.മോഹൻദാസ്, വിഭാഗ് കാര്യവാഹ് എം.ടി.ഷിബു, വിഭാഗ് പ്രചാരക് സി.വി.രാജേഷ്, വിഭാഗ് പ്രചാർ പ്രമുഖ് അജി കുളത്തുങ്കൽ, പി.സി.അനിൽ, പി.വി.മനു, കെ.വി.സാബു എന്നിവർ നേതൃത്വം നൽകി.



▶ ആർ.എസ്.എസ്. കട്ടപ്പനയിൽ സംഘടിപ്പിച്ച പഥസഞ്ചലനം

...ാണിക്കുളത്ത് എം.ആർ.... ആദ്യക്ഷരം പകർന്നു.

ക്ഷേത്രത്തിൽ വിദ്യാഗോ... മന്ത്രാർച്ചനയും വിശേഷ... പൂജയും നടന്നു. ക്ഷേത്രം... ഡന്റ് രാജൻ ശിവദാസ്, ... റി പി.പി.പ്രസാദ് തുടങ്ങി... സംസാരിച്ചു.



▶ എസ്.എൻ.ഡി.പി. യോഗ... യൂണിയൻ പ്രസിഡന്റ് സജി...



പുഴയിൽ നടന്ന പഥസഞ്ചലനം

**ജന്മഭൂമി**

# ആർഎസ്എസിനെ എന്തിനു നിരോധിക്കണം എന്നുകൂടി പറയണം: കുമ്മനം

**സ്വന്തം ലേഖകൻ**

മൂവാറ്റുപുഴ: ആർഎസ്എസിനെ നിരോധിക്കണമെന്ന വാദം ഉന്നയിക്കുന്നവർ, എന്തിന നിരോധിക്കണമെന്ന ചോദ്യത്തിന് കൂടി ഉത്തരം നൽകണമെന്ന് ബിജെപി ദേശീയ നിർവാഹക സമിതി അംഗം കുമ്മനം രാജശേഖരൻ. ആർഎസ്എസ് മൂവാറ്റുപുഴ സംഘജില്ലയിൽ നടന്ന പഥസഞ്ചലനത്തിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. ആർഎസ്എസ് എവിടെയെങ്കിലും വർഗീയകലാപം നടത്തിയിട്ടുണ്ടോ, വിധ്വംസക പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടോ? കേരളത്തിൽ നടന്നിട്ടുള്ള ഏതെങ്കിലും വർഗീയകലാപത്തിൽ ആർഎസ്എസിന പങ്കുണ്ടോ? നിരോധിക്കണം എന്ന് പറയുന്നവർ ഇതിനെല്ലാം ഉത്തരം പറയണമെന്നും അദ്ദേഹം പറഞ്ഞു. മാറാട് കൂട്ടക്കൊല്ലയിൽ ഉത്തരവാദി ആരാണ്? മാറട് അന്വേഷണ റിപ്പോർട്ടിൽ സിപിഎമ്മിനും മുസ്ലിംലീഗിനും കോൺഗ്രസിനും പങ്കുണ്ടെന്ന് പറയുന്നുണ്ട്. അവിടെ ആർഎസ്എസിന്റെ പേര് ആരെങ്കിലും പറഞ്ഞിട്ടുണ്ടോ എന്നും അദ്ദേഹം ചോദിച്ചു.

ഫാ. ജോർജ് മാന്തോട്ടം അധ്യക്ഷത വഹിച്ച ചടങ്ങിൽ ജില്ലാ സംഘചാലക് ഇ.വി. നാരായണൻ, വിഭാഗ് കാര്യവാഹ് എൻ.എസ്. ബാബു, ജില്ലാ കാര്യവാഹ് കെ.സി. ബിജുമോൻ, സഹകാര്യവാഹ് ജിതിൻ രവി എന്നിവർ സംസാരിച്ചു. 130 കവലയിൽ നിന്നാരംഭിച്ച പഥസഞ്ചലനം മൂവാറ്റുപുഴ നഗരസഭാ സ്റ്റേഡിയത്തിൽ സമാപിച്ചു. വിവിധ ഖണ്ഡുകളിൽ നിന്നായി 100 കണക്കിന് സ്വയംസേവകർ പങ്കെടുത്തു.



ആർ.എസ്.എസ് സ്ഥാപകദിനത്തോടനബന്ധിച്ച് വിജയദശമി ദിനത്തിൽ കോഴിക്കോട്ട് നടത്തിയ പഥസഞ്ചലനം

# സംഘശക്തിയുടെ വിളംബരമായി ആർ.എസ്.എസ് പഥസഞ്ചലനം

കോഴിക്കോട്: ദേശവിരുദ്ധസംഘടനകളുടെ പ്രവർത്തനങ്ങൾ ജനങ്ങളിൽ നിന്നും മറച്ചുവെയ്ക്കാനാണ് ആർ.എസ്.എസിനെയും ദേശവിരുദ്ധ സംഘടനകളെയും സമീകരിക്കാനുള്ള ഗൂഢനീക്കം ചിലർ നടത്തുന്നതെന്ന് ആർ.എസ്.എസ് ക്ഷേത്രീയ സഹകാര്യവാഹ് എം. രാധാകൃഷ്ണൻ പറഞ്ഞു. ഇതിനായി അക്കാഡമിക തലത്തിലും മാദ്ധ്യമ മേഖലയിലും മറ്റും വ്യാപകമായ ഗൂഢാലോചന നടക്കുന്നുണ്ടെന്നും രാധാകൃഷ്ണൻ പറഞ്ഞു. ആർ.എസ്.എസിന്റെ സ്ഥാപകദിനത്തോടനബന്ധിച്ച് വിജയദശമി ദിനത്തിൽ കോഴിക്കോട് മാങ്കാവ് മൈതാനിയിൽ നടന്ന പൊതുപരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. റിട്ട. കമാൻഡർ കെ. നരേന്ദ്രനാഥ് അദ്ധ്യക്ഷത വഹിച്ചു. മഹാനഗർ സംഘചാലക് ഡോ. സി.ആർ. മഹിപാൽ, കാര്യവാഹ് പി. ബൈജു എന്നിവർ സംബന്ധിച്ചു. പന്നിയങ്കരയിൽ നിന്നും മുതലക്കുളത്തു നിന്നുമായി ആരംഭിച്ച പഥസഞ്ചലനം പുഷ്പ ജംഗ്ഷനിൽ സംഗമിച്ച് ആഴ്ചവട്ടം വഴി മാങ്കാവ് മൈതാനിയിൽ സമാപിച്ചു. മൂവായിരത്തിലധികം സ്വയംസേവകർ പഥസഞ്ചലനത്തിലും മറ്റ് പരിപാടികളിലും പങ്കെടുത്തു.

മാതൃഭൂമി

# ആർ.എസ്.എസിനെതിരേ വെറുപ്പ് പ്രചരിപ്പിക്കുന്നു -കുമ്മനം



വിജയദശമി ആഘോഷത്തിന്റെ ഭാഗമായി രാഷ്ട്രീയ സ്വയം സേവക് സംഘ് മൂവാറ്റുപുഴ സംഘ് ജില്ല സംഘടിപ്പിച്ച പഥസഞ്ചലനം

**മൂവാറ്റുപുഴ** ▸ ആർ.എസ്.എസിനെക്കുറിച്ച് ജനങ്ങൾക്കിടയിൽ വെറുപ്പും വിദ്വേഷവും സൃഷ്ടിക്കാനാണ് സി.പി.എമ്മും കോൺഗ്രസും ശ്രമിക്കുന്നതെന്ന് മുൻ മിസോറം ഗവർണർ കുമ്മനം രാജശേഖരൻ പറഞ്ഞു. രാഷ്ട്രീയ സ്വയം സേവക് സംഘ് മൂവാറ്റുപുഴ ജില്ലയുടെ വിജയദശമി ആഘോഷങ്ങളുടെ ഭാഗമായി നടന്ന പഥസഞ്ചലനത്തിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

പി.എഫ്.ഐ. പോലുള്ള തീവ്രവാദ പ്രസ്ഥാനങ്ങളെ തരാട്ടുപാടിയുറക്കിയതും തേനും പാലും കൊടുത്ത് വളർത്തിയതും സി.പി.എമ്മും കോൺഗ്രസുമാണ്.

ആർ.എസ്.എസ്. വർഗീയ കലാപമോ, വർഗീയ വിധ്വംസക പ്രവർത്തനമോ നടത്തിയിട്ടില്ല. ഗാന്ധിവധവുമായി ആർ.എസ്.എസിന് ബന്ധമുണ്ടെന്ന് ഒരു അന്വേഷണ കമ്മിഷനും പറഞ്ഞിട്ടില്ല. ബന്ധമുണ്ടെന്ന് പറഞ്ഞ രാഹുൽ ഗാന്ധി ഒടുവിൽ മാപ്പ് പറഞ്ഞു. നാടിന്റെ പൈതൃകം ഹൈന്ദവതയാണ്. അത് മതാധിഷ്ഠിതമല്ല. ഹിന്ദുത്വം ഇവിടെ നിലനിൽക്കുന്നതുകൊണ്ടാണ് ഏത് മതസ്ഥർക്കും ഇവിടെവന്ന് താമസിക്കാൻ പറ്റുന്നത്. ശ്രീരാമൻ ഭാരതത്തിന്റെ ദേശീയ പുരുഷനാണ്. ഗാന്ധിയുടെ വാക്കുകൾ ആരംഭിക്കുന്നതും അവസാനിക്കുന്നതും റാം റാം എന്നായിരുന്നു. അദ്ദേഹത്തിന്റെ സമാധിമണ്ഡപത്തിനു മുമ്പിൽ എഴുതിവെച്ചിരിക്കുന്നത് ഹേ റാം എന്നാണെന്നും കുമ്മനം പറഞ്ഞു.

ഫാ. ജോർജ് മാന്തോട്ടം അധ്യക്ഷത വഹിച്ചു. ജില്ലാ സംഘചാലക് ഇ.വി. നാരായണൻ, വിഭാഗ് കാര്യവാഹ് എൻ.എസ്. ബാബു, ജില്ലാ കാര്യവാഹ് കെ.സി. ബിജുമോൻ, സഹ കാര്യവാഹ് ജിതിൻ രവി എന്നിവർ സംസാരിച്ചു. 130 കവലയിൽ നിന്നാരംഭിച്ച പഥസഞ്ചലനം, മൂവാറ്റുപുഴ നഗരസഭാ സ്റ്റേഡിയത്തിൽ സമാപിച്ചു. വിവിധ ഖണ്ഡുകളിൽ നിന്നായി ആയിരത്തോളം സ്വയംസേവകർ പങ്കെടുത്തു.

പ്രചാർ വിഭാഗ്
മൂവാറ്റുപുഴ

# ആർഎസ്എസ്കാരനാണെന്ന് പറയാൻ ധൈര്യം ഉണ്ടാകണം: റിട്ട.കേണൽ ഹരിപണിക്കർ

**പത്തനംതിട്ട**: ഓരോ ഇന്ത്യൻ പൗരനും ഞാൻ ആർഎസ്എസ്കാരൻ ആണ്,അനുഭാവിയാണ്എന്ന് നെഞ്ചുയർത്തിപറയാൻ ഉള്ള ധൈര്യം ഉണ്ടാകണമെന്ന് റിട്ടയേർഡ് കേണൽ ഹരിപണിക്കർ പറഞ്ഞു. ആർഎസ്എസ് പത്തനംതിട്ട സംഘജില്ലാവിജയദശമി പരിപാടിയിൽ അദ്ധ്യക്ഷം വഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. ഹിന്ദുക്കളിൽ മാത്രമല്ലഎല്ലാമതത്തിൽപ്പെട്ടവരും ഒരുപോലെ ഇത് പറയണം.കാരണംഭാരതത്തിന്റെ ഐക്യത്തിനും അഖണ്ഡതയ്ക്കും ഉന്നമനത്തിനും വേണ്ടി നിലകൊള്ളുന്ന സംഘടനയാണ് ആർഎസ്എസ്.ഇതുപോലുള്ള സംഘടനകളാണ് ഇവിടെ വളരേണ്ടത്.ഈ സംഘടന രാജ്യത്തിന് ഒരു മുതൽക്കൂട്ടാണ്.ആർഎസ്എസിനെ വളരാൻ അനുവദിച്ചാൽ അതുകൊണ്ട് പ്രയാസമുണ്ടാകുന്നത് ഈരാജ്യത്തെ വിഘടിപ്പിക്കാനും രാജ്യത്തെ പലതാക്കാനുംശത്രുക്കളോട് ചേർന്ന് പ്രവർത്തിക്കുന്ന സംഘടനകൾക്ക് മാത്രമാണ്. ആർഎസ്എസ് ദേശീയതയുടെ ആത്മാർത്ഥമായ വക്താക്കൾ ആണ്.മറ്റ് പ്രസ്ഥാനങ്ങളെപ്പോലെ വെറും വിടുവാ പറയുന്നവരല്ല.രാജ്യത്തിനുവേണ്ടി ജീവിതം അർപ്പിച്ചവരുടെ സംഘടനയാണ് ആർഎസ്എസ്. ഭാരതത്തേയും ഭാരതീയരേയും ദേവീരൂപത്തിൽ- ഭാരാംബ എന്ന് കണ്ട്സേവനംചെയ്യുകയും ഭാരതത്തിന്റെആത്മീയ ധാർമ്മിക സാംസ്ക്കാരിക മൂല്യങ്ങളെ ഉയർത്തിക്കാട്ടുകയും അതിനെ സംരക്ഷിക്കുകയും ചെയ്യുന്ന പ്രഖ്യാപിത ലക്ഷ്യത്തോടെയാണ് ആർഎസ്എസ് പ്രവർത്തിക്കുന്നത്. വസുധൈവകുടുംബകം എന്ന ഹൈന്ദവ സാംസ്ക്കാരിക മൂല്യംവഴി ഭാരതത്തെ ലോകരാഷ്ട്രങ്ങൾക്കിടയിൽ ഒരു മാതൃകയാക്കി,മറ്റുള്ളവർ നമ്മെ അനുകരിക്കത്തക്ക രീതിയിൽ ഒരുഭാരതം സൃഷ്ടിച്ചെടുക്കുക എന്നുള്ളലക്ഷ്യമാണ് ആർഎസ്എസിനുള്ളതെന്ന് അദ്ദേഹം പറഞ്ഞു.



> ആർഎസ്എസ് പത്തനംതിട്ട ജില്ലയുടെ വിജയദശമി ആഘോഷത്തിൽ പ്രാന്തീയ സഹ പ്രചാർ പ്രമുഖ് എം.സതീശൻ പ്രസംഗിക്കുന്നു

ആർഎസ്എസ് പ്രാന്ത സഹപ്രചാർ പ്രമുഖ് എം.സതീശൻ മുഖ്യപ്രഭാഷണം നടത്തി.രാഷ്ട്രത്തിന്റെ ആധാരശിലയായ ഹിന്ദുത്വത്തെ അരക്കിട്ടുറപ്പിക്കുകയാണ് ആർഎസ്എസ് എന്ന് അദ്ദേഹം പറഞ്ഞു.സർവ്വാശ്ലേഷിയാണ് ഹിന്ദുത്വം.അത് ആരേയും എതിർക്കാനല്ല.എല്ലാവരേയും ഉൾക്കൊള്ളാനാണ് അത് പഠിപ്പിക്കുന്നത്. രാഷ്ടത്തിന്റെ ശോഭനമായ ഭാവിയാണ് ആർഎസസ്സിന്റെ ലക്ഷ്യം എന്നും അദ്ദേഹം പറഞ്ഞു.ജില്ലാ സഹസംഘചാലക് സി.എൻ ഓമനക്കുട്ടൻ. ജില്ലാ കാര്യവാഹ് ബി. സുരേഷ് ജില്ലാ വ്യവസ്ഥ പ്രമുഖ് -എൻ. വേണു എന്നിവർ സംസാരിച്ചു.വിഭാഗ് പ്രചാർ പ്രമുഖ് മോഹൻ കുമാർ.വിഭാഗ് വിദ്യാർത്ഥി പ്രമുഖ് ഹരികൃഷ്ണൻ എന്നിവരും ചടങ്ങിൽ പങ്കെടുത്തു.വൈകിട്ട് പത്തനംതിട്ട,പന്തളം,അടൂർ , താലൂക്കുകളിലെ സ്വയംസേവകർ കുമ്പഴ ജംഗ്ഷനിൽ നിന്നും,വടശ്ശേരിക്കര, കോന്നി , കലഞ്ഞൂർ , താലൂക്കിലെ സ്വയം സേവകർ മേലെ വെട്ടിപ്പുറത്ത് നിന്നും രണ്ട് പഥസഞ്ചലനമായി സെൻട്രൽ ജങ്ഷനിൽ എത്തി സംഗമിച്ചാണ് ജില്ലാസ്റ്റേഡിയത്തിലെക്ക് എത്തിയത്.

ജന്മഭൂമി Thu, 06 October 2022
https://epaper.janmabhumi.in/c/70410994

ഥസഞ്ച

ത്രം ഓ
ങ്ങല്ലൂർ
മീപത്ത്
പ്രവറ്റ്
ാടിയിൽ

പഥസ
ആവേ
ിരുന്നു.
ിൽ പൊ
ആഭിമു
പ്രമുഖ്
ശക്തി

ശാലിയാണെന്നും സമ്പത്തിലും വിദ്യാഭ്യാസത്തിന്റെ കാര്യത്തിലും എന്നും മുന്നിലായിരുന്നെന്നും അദ്ദേഹം പറഞ്ഞു.

ശക്തിശാലിയായ ഭാരതം ആരേയും അക്രമിക്കാൻ പോയിട്ടില്ല. ഇവിടെയാണ് സനാതന ധർമ്മത്തിന്റെ മഹത്വം. സനാതന ധർമ്മം മറ്റ് ആരേയും അക്രമിക്കാനല്ല എല്ലാവരേയും സ്നേഹിക്കുവാനാണ്. ലോക സമസ്തോ സുഖിനോ ഭവന്തു ഇതാണ് നമ്മുടെ മുദ്രവാക്യമെന്നും സി.സി. ശെൽവൻ പറഞ്ഞു. അഡ്വ. നൈജു രവീന്ദ്രനാഥ് അദ്ധ്യക്ഷനായി. വിഭാഗ് സംഘ ചാലക് എൻ. രാജു, ജില്ലാ സംഘചാലക് ഇ.എം. മോഹനൻ എന്നിവർ ആശംസ പ്രസംഗം നടത്തി.

**കട്ടപ്പന**: കട്ടപ്പന ഐറ്റിഐ. ജങ്ഷൻ, വെള്ളയാംകുടി എന്നിവിടങ്ങളിൽ നിന്ന് ഒരേ സമയം ആരംഭിച്ച പഥസഞ്ചലനങ്ങൾ ഇടുക്കി കവലയിൽ സംഗമിച്ചതിന് ശേഷം സെന്റർ ജങ്ഷൻ. പഴയ ബസ് സ്റ്റാന്റ് എന്നി സ്ഥലങ്ങളിലൂടെ നഗരസഭ സ്റ്റേഡിയത്തിലെത്തിലെത്തി സ്ഥാപിച്ചു. ഇടുക്കി സംഘജില്ലയുടെ ആഭിമുഖ്യത്തിലായിരുന്നു പരിപാടി. തുടർന്ന് കട്ടപ്പന മുനിസിപ്പൽ സ്റ്റേഡിയത്തിൽ പൊതുപരിപാടി ആരംഭിച്ചു.

ധ്വജാരോഹണത്തോടെ പരുപാടികൾ ആരംഭിച്ചു. തുടർന്ന് യോഗാസനം ദണ്ഡ, സൂര്യനമസ്കാരം എന്നീ വിവിധ ശാരീരിക കാര്യക്രമങ്ങളുടെ പ്രദർശനങ്ങൾ നടന്നു. ഡബ്ല്യുഎച്ച്ഒ അഡ്വൈസർ ഡോ. ജോയ് തോമസ് അദ്ധ്യക്ഷനായ യോഗത്തിൽ ആർഎസ്എസ് പ്രാന്തീയ സഹപ്രചാർ പ്രമുഖ് പി. ഉണ്ണികൃഷ്ണൻ മുഖ്യപ്രഭാഷണം നടത്തി. ജില്ലാ സംഘചാലക് എസ്.റ്റി.ബി മോഹൻദാസ്, വിഭാഗ് കാര്യവാഹ് എം.റ്റി. ഷിബു. വിഭാഗ് പ്രചാരക് സി.വി. രാജേഷ്, വിഭാഗ് പ്രചാർ പ്രമുഖ് അജികുളത്തുങ്കൽ, പി.സി. അനിൽ, പി.വി മനു കെ.വി. സാബു എന്നിവർ നേതൃത്വം നൽകി.



▶ കട്ടപ്പന നഗരത്തിൽ നടന്ന പഥ സഞ്ചലനം





വിജയദശമി ദിനത്തിൽ ആർ.എസ്.എസ് നഗരത്തിൽ നടത്തിയ പഥസഞ്ചലനം

● നഗരത്തിൽ ആർ.എസ്.എസ് മാർച്ച്

# ആർ.എസ്.എസിനെ ദേശവിരുദ്ധ സംഘടനകളോടൊപ്പം കൂട്ടരുത് –എം. രാധാകൃഷ്ണൻ

**കോഴിക്കോട്:** ദേശവിരുദ്ധ സംഘടനകളുടെ പ്രവർത്തനങ്ങൾ ജനങ്ങളിൽനിന്ന് മറച്ചുവെക്കാനാണ് ആർ.എസ്.എസിനെയും മറ്റ് ദേശവിരുദ്ധ സംഘടനകളെയും സമീകരിക്കാനുള്ള ഗൂഢനീക്കം നടത്തുന്നതെന്ന് ആർ.എസ്.എസ് ക്ഷേത്രീയ സഹകാര്യവാഹക് എം. രാധാകൃഷ്ണൻ. ആർ.എസ്.എസിന്റെ സ്ഥാപകദിനത്തോടനുബന്ധിച്ച് വിജയദശമി ദിനത്തിൽ റൂട്ട് മാർച്ചിനെ തുടർന്ന് മാങ്കാവ് മൈതാനിയിൽ പൊതുപരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

റിട്ട. കമാൻഡർ കെ. നരേന്ദ്രനാഥ് അധ്യക്ഷത വഹിച്ചു. മഹാനഗർ സംഘചാലക് ഡോ. സി.ആർ. മഹിപാൽ, കാര്യവാഹക് പി. ബൈജു എന്നിവർ സംബന്ധിച്ചു. പന്നിയങ്കരയിൽനിന്നും മുതലക്കുളത്തുനിന്നുമായി ആരംഭിച്ച പഥസഞ്ചലനം പുഷ്പ ജങ്ഷനിൽ സംഗമിച്ച് ആഴ്ചവട്ടം വഴി മാങ്കാവ് മൈതാനിയിൽ സമാപിച്ചു. തുടർന്ന് യോഗ, വ്യായാമ് യോഗ്, ദണ്ഡ, നിയുദ്ധ, സമത തുടങ്ങിയ ശാരീരിക് പ്രദർശനവും ഗണഗീതവും നടന്നു.

മൂവായിരത്തിലധികം സ്വയംസേവകർ പഥസഞ്ചലനത്തിലും മറ്റ് പരിപാടികളിലും പങ്കെടുത്തു.



വിജയദശമിയോട് അനുബന്ധിച്ച് രാഷ്ട്രീയ സ്വയം സേവക സംഘം കോഴിക്കോട് നടത്തിയ പഥസഞ്ചലനം. ചിത്രം: മനോരമ

# ആർഎസ്എസ് പഥസഞ്ചലനം നടത്തി

കോഴിക്കോട് ● ആർഎസ്എസ് സ്ഥാപകദിനത്തോട് അനുബന്ധിച്ചു വിജയദശമി ദിനത്തിൽ നടത്തിയ പൊതുപരിപാടി ക്ഷേത്രീയ സഹകാര്യവാഹ് എം. രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. ദേശവിരുദ്ധ സംഘടനകളുടെ പ്രവർത്തനം മറച്ചുവയ്ക്കാനാണ് ആർഎസ്എസിനെയും ദേശവിരുദ്ധ സംഘടനയോടു ചേർത്തു കാണിക്കാൻ ചിലർ ശ്രമം നടത്തുന്നതെന്ന് അദ്ദേഹം പറഞ്ഞു. റിട്ട. കമാൻഡർ കെ.നരേന്ദ്രനാഥ് ആധ്യക്ഷ്യം വഹിച്ചു. ഡോ.സി.ആർ.മഹിപാൽ, പി. ബൈജു എന്നിവർ പ്രസംഗിച്ചു. പന്നിയങ്കരയിൽ നിന്നും മുതലക്കുളത്തു നിന്നുമായി ആരംഭിച്ച പഥസഞ്ചലനം പുഷ്പ ജംക്ഷനിൽ സംഗമിച്ച് മാങ്കാവ് മൈതാനത്തു സമാപിച്ചു. തുടർന്ന് യോഗ, വ്യായാമ് യോഗ്, ദണ്ഡ, നിയുദ്ധ, സമത തുടങ്ങി ശാരീരിക് പ്രദർശനവും ഗണഗീതവും നടന്നു.

വിദ്യാരംഭച്ചടങ്ങ്



വിജയദശമിയോടനുബന്ധിച്ച് ആർ.എസ്.എസിന്റെ നേതൃത്വത്തിൽ നഗരത്തിൽനടന്ന പഥസഞ്ചലനം

# ജനസംഖ്യാനിയന്ത്രണത്തിന് നയം കൊണ്ടുവരണം -മോഹൻ ഭാഗവത്

**മുംബൈ ▸** ജനസംഖ്യാനിയന്ത്രണത്തിന് കേന്ദ്ര സർക്കാർ നയം കൊണ്ടുവരണമെന്ന് ആർ.എസ്.എസ്. മേധാവി മോഹൻ ഭാഗവത്. മതാടിസ്ഥാനത്തിൽ ജനസംഖ്യയിൽ അസന്തുലിതാവസ്ഥ നിലനിൽക്കുന്നുണ്ട്. നിർബന്ധിത മതപരിവർത്തനത്തിനെതിരേ ജാഗ്രതപാലിക്കണമെന്നും ഭാഗവത് ആവശ്യപ്പെട്ടു. മതാടിസ്ഥാനത്തിലുള്ള ജനസംഖ്യയിലെ അസന്തുലിതാവസ്ഥകാരണം പുതിയരാജ്യങ്ങൾ ഉയർന്നുവരുമെന്ന് കോസോവയെയും ദക്ഷിണസുഡാനെയും ഉദാഹരണമാക്കി മോഹൻ ഭാഗവത് പറഞ്ഞു. നാഗ്പുരിൽ ദസറയോടനുബന്ധിച്ച് ആർ.എസ്.എസ്. നടത്തിയ റാലിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

ജനസംഖ്യയ്ക്ക് വിഭവങ്ങൾ ആവശ്യമാണ്. വിഭവങ്ങളില്ലാതെ ജനസംഖ്യവളർന്നാൽ അത്



നാഗ്പുരിൽ ദസറയോടനുബന്ധിച്ച് ആർ.എസ്.എസ്. നടത്തിയ റാലിയിൽ മോഹൻ ഭാഗവത് സംസാരിക്കുന്നു

ബുദ്ധിമുട്ടായിമാറും. ജനസംഖ്യയെ ആസ്തിയായി കണക്കാക്കുന്ന ഒരു ചിന്തകൂടിയുണ്ടെ

ന്നും അദ്ദേഹം പറഞ്ഞു. ഈ ര
ളും പരിഗണിച്ചുള്ള ജനസംഖ്യാന
ക്കുവേണ്ടത്.

ജനസംഖ്യയിലെ അസന്തുല്
മിശാസ്ത്രപരമായ അതിർത്തിക
നിർബന്ധിത മതപരിവർത്തന
കയറ്റവും ഇതിനുള്ള കാരണങ്ങ
ളെ തുല്യരായി പരിഗണിക്കണ
തീരുമാനങ്ങളെടുക്കാൻ അവ
ണമെന്നും മോഹൻ ഭാഗവത്
ചരിത്രത്തിലാദ്യമായി സംഘട
ദശമി ആഘോഷവേളയിൽ 
ഥിയായി ക്ഷണിച്ചു. പർവതാ
ഷ് യാദവാണ് ആർ.എസ്.എ
രിൽ നടന്ന വിജയദശമി ആ
ഖ്യാതിഥിയായത്.



● ആർ.എസ്.എസ്. സ്ഥാപകദിനത്തോടനുബന്ധിച്ച് കോഴിക്കോട് നഗരത്തിൽ നടന്ന പദസഞ്ചലനത്തിന്റെ മുൻനിര.

# ആർ.എസ്.എസിനെ ദേശവിരുദ്ധ സംഘടനകളോട് സമീകരിക്കേണ്ട: എം. രാധാകൃഷ്ണൻ

കോഴിക്കോട്: ദേശവിരുദ്ധസംഘടനകളുടെ പ്രവർത്തനങ്ങൾ ജനങ്ങളിൽനിന്നു മറച്ചുവയ്ക്കാനാണ് ആർ.എസ്.എസിനെയും ദേശവിരുദ്ധ സംഘടനകളെയും സമീകരിക്കാനുള്ള ഗൂഢനീക്കം ചിലർ നടത്തുന്നതെന്ന് ആർ.എസ്.എസ്. ക്ഷേത്രീയ സഹകാര്യവാഹ് എം. രാധാകൃഷ്ണൻ.

ഇതിനായി അക്കാദമികതലത്തിലും മാധ്യമമേഖലയിലും മറ്റും വ്യാപകമായ ഗൂഢാലോചന നടക്കുന്നുണ്ട്. ആർ.എസ്.എസ്. സംഘടിത സമാജത്തെ സൃഷ്ടിക്കാനുള്ള പ്രവർത്തനമാണു നടത്തുന്നത്. വൈഭവശാലിയായ ഭാരതത്തിന്റെ മുന്നുപാധിയാണ് ദേശസ്നേഹപ്രചോദിതമായ സംഘടിത സമാജം. രാജനൈതിക പരിവർത്തനം വൈഭവത്തിന്റെ പ്രയാണത്തിലേക്കുള്ള പാതയിലെ തടസങ്ങൾ നീക്കാൻ മാത്രമേ സാധിക്കുകയുള്ളൂ. ആത്യന്തികമായി സമാജപരിവർത്തനമാണു വേണ്ടത്. എം. രാധാകൃഷ്ണൻ പറഞ്ഞു. ആർ.എസ്.എസിന്റെ സ്ഥാപനദിനത്തോടനുബന്ധിച്ച് വിജയദശമിദിനത്തിൽ കോഴിക്കോട് മാങ്കാവ് മൈതാനിയിൽ നടന്ന പൊതുപരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

റിട്ട. കമാൻഡർ കെ. നരേന്ദ്രനാഥ് അധ്യക്ഷത വഹിച്ചു. മഹാനഗർ സംഘചാലക് ഡോ. സി.ആർ. മഹിപാൽ, കാര്യവാഹ് പി. ബൈജു എന്നിവർ സംബന്ധിച്ചു. പന്നിയങ്കരയിൽനിന്നും മുതലക്കുളത്തുനിന്നുമായി ആരംഭിച്ച പഥസഞ്ചലനം പുഷ്പ ജങ്ഷനിൽ സംഗമിച്ച് ആഴ്ചവട്ടം വഴി മാങ്കാവ് മൈതാനിയിൽ സമാപിച്ചു.

തുടർന്ന് യോഗ, വ്യായാമ് യോഗ്, ദണ്ഡ, നിയുദ്ധ, സമത തുടങ്ങിയ ശാരീരിക് പ്രദർശനവും ഗണഗീതവും നടന്നു. മൂവായിരത്തിലധികം സ്വയംസേവകർ പഥ സഞ്ചലനത്തിലും മറ്റ് പരിപാടികളിലും പങ്കെടുത്തു.

## മോഷണക്കേസ് പ്രതി അറസ്റ്റിൽ

അമ്പലപ്പുഴ: നിരവധി മോഷണക്കേസുകളിൽ പ്രതിയായ പത്തനംതിട്ട ചിറ്റാർ സ്വദേശിയെ പോലീസ് അറസ്റ്റ് ചെയ്തു. പാമ്പിനിയിൽ കൊച്ചുപുരയ്ക്കൽ വീട്ടിൽ പ്രദീപി(34)നെയാണ് അമ്പലപ്പുഴ സി.ഐ: എസ്. ദ്വിജേഷിന്റെ നേതൃത്വത്തിൽ അറസ്റ്റ് ചെയ്തത്. ആലപ്പുഴ മെഡിക്കൽ കോളജ് ആശുപത്രിയിൽ സ്ത്രീയുടെ ബാഗിൽനിന്നു മൊബൈൽ ഫോൺ മോഷ്ടിക്കാൻ ശ്രമിക്കുന്നതിനിടെ സ്ഥലത്തുണ്ടായിരുന്നവർ പിടികൂടി പോലീസ് എയ്ഡ്പോസ്റ്റിൽ ഏൽപ്പിക്കുകയായിരുന്നു. പിന്നീട് അമ്പലപ്പുഴ സ്റ്റേഷനിലെത്തിച്ചു ചോദ്യംചെയ്തപ്പോഴാണ് മറ്റു മോഷണവിവരങ്ങൾ പുറത്തുവന്നത്.

MAGZTER

MAGZTER

mangalam

Clipped from - Mangalam Daily Kozhikodu - October 06, 2022

Read it digitally on the Magzter app